**THIRD SEMESTER**
**Malayalam Language & Literature**
**Core Course**

## സമൂഹപരിണാമവും സംസ്കാരചരിത്രവും ആധുനിക പൂർവ്വകേരളം

കേരളീയ സമൂഹത്തിന്റെ രൂപീകരണവും പരിണാമവും സാംസ്കാരിക പ്രക്രിയകൾ എന്ന നിലയിൽ പഠനവിധേയമാക്കുകയാണ് കോഴ്സിന്റെ ലക്ഷ്യം. ചരിത്രവിജ്ഞാനത്തിന്റെ സാധ്യതകളും അറിവുകളും ഉപയോഗപ്പെടുത്തുമ്പോൾ തന്നെ സാംസ്കാരിക പ്രക്രിയ എന്ന ആശയത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് കോഴ് വിഭാവനം ചെയ്തിട്ടുള്ളത്. അന്തർ വൈജ്ഞാനിക സമീപനത്തിൽ അധിഷ്ഠിതമായ വിഷയ പരിണാമരീതി ബോധനക്രമത്തിന്റെ അടിസ്ഥാനമായി സ്വീകരിക്കേണ്ടതാണ്. സംസ്കാരത്തെ പ്രക്രിയ എന്ന നിലയിലും ചരിത്രവസ്തുതകളെ സാംസ്കാരിക ബന്ധങ്ങൾ എന്ന നിലയിലും പരിഗണിക്കുന്ന പഠന പദ്ധതിയാണ് പിൻതുടരേണ്ടത്.

**മൊഡ്യൂൾ ഒന്ന്** : പ്രാചീന തമിഴകം എന്ന സാംസ്കാരിക സ്ഥാനം - ഗോത്രസംസ്കൃതി മഹാശിലാവശിഷ്ടങ്ങളും പഴന്തമിഴ് പാട്ടുകളും - വീരയുഗവും വീരാരാധനയും - തിണകൾ: സാംസ്കാരികവും സൗന്ദര്യപരവും ഭൂമിശാസ്ത്രപരവുമായ സൂചനകൾ - കാർഷികസംസ്കൃതി - പതിറ്റുപ്പത്തിലെ രാഷ്ട്രീയ ചരിത്രം - മതസംസ്കൃതി - ബൗദ്ധ, ജൈന, ബ്രാഹ്മണ മതങ്ങൾ - വിദേശ ബന്ധത്തിന്റെ സ്വഭാവം - യഹൂദ, ക്രൈസ്തവ മതങ്ങൾ - കേരളം എന്ന സാംസ്കാരിക മേഖല - ഭൂമിശാസ്ത്രപരമായ സവിശേഷതകളും കേരള സംസ്കാരവും.

**മൊഡ്യൂൾ രണ്ട്** : കാർഷികവത്കരണവും ആര്യാഗമനവും - പുതിയ സാംസ്കാരിക പരിസരം - ബ്രഹ്മണഗ്രാമങ്ങൾ - ക്ഷേത്ര കേന്ദ്രിത സമൂഹം എന്ന ആശയത്തിന്റെ പ്രാധാന്യവും പ്രസക്തിയും - പെരുമാൾ വാഴ്ച - ഊരാളർ, കാരാളർ, അടിയാളർ - കച്ചങ്ങൾ - സംസ്കാരിക സമന്വയം (Cultural Symbiosis) എന്ന സങ്കല്പത്തിന്റെ അടിസ്ഥാനം - വർത്തകസംഘങ്ങൾ - നൂറ്റുവർസംഘങ്ങൾ - ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം - ക്ഷേത്രകലകൾ : കൂത്ത്, കൂടിയാട്ടം - മലയാളഭാഷയുടെ രൂപീകരണം : സാംസ്കാരിക പരിസരം.

**മൊഡ്യൂൾ രണ്ട്** : മധ്യകാല സമൂഹം : നാടുവാഴികളും സ്വരൂപങ്ങളും ജന്മിത്തവും മരുമക്കത്തായവും - ഭാഷയുടെ വളർച്ച - പാട്ടും മണിപ്രവാളവും - ഗദ്യവികാസം - കച്ചവടബന്ധങ്ങളും സംസ്കാരപരിണാമവും - അങ്ങാടികളും അമ്പലവട്ടവും - വേണാട്, കൊച്ചി, കോഴിക്കോട് - മാമാങ്കം - രേവതി പട്ടത്താനം - സംഗീതം, ചിത്രകല, വാസ്തുവിദ്യ - ഭാഷാപരിണാമത്തിന്റെ സാമൂഹ്യാടിത്തറ - എഴുത്തച്ഛൻ.

**മൊഡ്യൂൾ നാല്** : പാശ്ചാത്യ അധിനിവേശം - പോർച്ചുഗീസ് ആഗമനം - സാമൂതിരി - കുഞ്ഞാലിമരയ്ക്കാർ - ഉദയംപേരൂർ സുന്നഹദോസ് മത-കോളനീകരണം എന്ന നിലയിൽ - കൂനൻകുരിശ് സത്യം - ഡച്ച്, ഫ്രഞ്ച് ആഗമനങ്ങൾ - സാംസ്കാരിക ഫലങ്ങൾ - തിരുവിതാംകൂർ, കൊച്ചി - ബ്രിട്ടീഷ് അധിനിവേശവും ചെറുത്തു നില്പുകളും - പഴശ്ശിയും വേലുത്തമ്പിയും - കുരിച്യക്കലാപങ്ങൾ - ഹൈദരാലിയും ടിപ്പു സുൽത്താനും - അറബി മലയാളം - ആധുനികീകരണത്തിന്റെ പ്രാരംഭം.

**സഹായക ഗ്രന്ഥങ്ങൾ**


കുഞ്ഞൻപിള്ള, ഇളംകുളം, 2005, ഇളംകുളം കുഞ്ഞിൻപിള്ളയുടെ തെരഞ്ഞെടുത്ത കൃതികൾ, കേരള പഠനകേന്ദ്രം, കേരള സർവ്വകലാശാല, തിരുവനന്തപുരം.

ഗണേശ്, കെ. എൻ., 1991, കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.

ഗോപാലകൃഷ്ണൻ, പി. കെ., 1991, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഗംഗാധരൻ ടി. കെ., 2007, കേരളം സംസ്കാരവും ചരിത്രവും, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.

നാരായണൻ, എം. ജി. എസ്., 2003, കേരള ചരിത്രത്തിലെ അടിസ്ഥാന ശിലകൾ, പൂർണ്ണപബ്ലിഷേഴ്സ്, കോഴിക്കോട്.

നമ്പൂതിരിപ്പാട്, ഇ. എം. എസ്., 1996, കേരളം മലയാളികളുടെ മാതൃഭൂമി, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

ശ്രീധരമേനോൻ, എ., 2008, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.

ശ്രീധരമേനോൻ, എ, 2008, കേരള സംസ്കാരം, ഡി.സി. ബുക്സ്, കോട്ടയം.

രാഘവവാര്യർ, രാജൻഗുരുക്കൾ, 1991, കേരള ചരിത്രം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

രാഘവവാര്യർ, എം.ആർ., 1990, കേരളീയത ചരിത്രമാനങ്ങൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുറം.

രാഘവവാര്യർ, എം.ആർ, 1997, മധ്യകാല കേരളം : സമ്പത്ത്, സമൂഹസംസ്കാരം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

വസന്തൻ, എസ്. കെ., 2005, കേരള സംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

സ്കറിയാ സക്കറിയ (എഡി), 1991, ഉദയംപേരൂർ സുന്നഗദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്റ്റ്യൻ സ്റ്റഡീസ്, ഓശാനാമാണ്ട്, കോട്ടയം.

ബാലകൃഷ്ണൻ പി.കെ., 2007, ജാതിവ്യവസ്ഥയും കേരള ചരിത്രവും, ഡി.സി. ബുക്സ്, കോട്ടയം.

സുബ്രഹ്മണ്യൻ, എൻ. 2005, സംഘകാല ഭരണസംവിധാനം, ഡി.സി. ബുക്സ്, കോട്ടയം.

രാമചന്ദ്രൻ, പുതുശ്ശേരി, 2007, കേരള ചരിത്രത്തിലെ അടിസ്ഥാന ശിലകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

നമ്പൂതിരി, എൻ. എം., 2003, കേരള സംസ്കാരം, അകവും പുറവും, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.

# THIRD SEMESTER
# Malayalam Language & Literature
# Complimentary Course

## കേരളത്തിന്റെ വൈജ്ഞാനിക പാരമ്പര്യവും ആദ്യകാല വൈജ്ഞാനിക സാഹിത്യവും

പഠനോദ്ദേശ്യങ്ങൾ

1. ഭാരതീയ വൈജ്ഞാനിക മേഖലകളെ സാമാന്യമായും കേരളീയ വൈജ്ഞാനിക മേഖലകളെ പ്രത്യേകമായും മനസ്സിലാക്കുക.
2. കേരളത്തിന് അഭിമാനാർഹമായ ഒരു പാരമ്പര്യം വൈജ്ഞാനികമേഖലയിലുണ്ടെന്ന് തിരിച്ചറിയുക.
3. ആദ്യകാല മലയാളത്തിന്റെ സ്വരൂപം മനസ്സിലാക്കുക.
4. ഭാഷാമിശ്രം എന്നത് ഒരു ഭാഷാസാഹിത്യ പ്രസ്ഥാനമാണെന്ന് തിരിച്ചറിയുക.

ഈ കോഴ്സിനെ എട്ട് മൊഡ്യൂളുകളായി തിരിച്ചിരിക്കുന്നു.

**മൊഡ്യൂൾ – ഒന്ന് കേരളത്തിന്റെ വൈജ്ഞാനിക പാരമ്പര്യം**

പ്രാചീന ഭാരതത്തിലെ വിവിധ വിജ്ഞാനശാഖകൾ, കേരളീയ വൈജ്ഞാനിക മണ്ഡലത്തിലേയ്ക്ക് അവയുടെ കടന്ന് വരവ്, കേരളത്തിന്റെ തനത് വിജ്ഞാനശാഖകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ പ്രാചീന വിജ്ഞാനശാഖകളെ സാമാന്യമായി പരിചയപ്പെടുന്നു.

കൃതി ; കേരളത്തിന്റ വൈജ്ഞാനിക പാരമ്പര്യവും വൈജ്ഞാനിക സാഹിത്യവും ഒന്നാം ഭാഗം. എം. ജി. യൂണിവേഴ്സിറ്റി, സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് പ്രസിദ്ധീകരണം.

**മൊഡ്യൂൾ രണ്ട് – വൈദ്യം**

വൈദ്യശാസ്ത്രമേഖലയിൽ കേരളം പ്രാചീന കാലത്ത് തന്നെ ആർജ്ജിച്ചിരുന്ന വിജ്ഞാനത്തെയും അതിന് തെളിവുകളായി നിലകൊള്ളുന്ന വൈജ്ഞാനിക ഗ്രന്ഥങ്ങളെയും പരിചയപ്പെടുന്നു.

പാഠ്യഭാഗം : മാതംഗലീല ഭാഷാ ഗദ്യരൂപം എന്ന കൃതിയിൽ ആനകളുടെ ജാതിലക്ഷണം, ശുഭലക്ഷണം, അശുദ്ധലക്ഷണം എന്നിവ വിശദമാക്കുന്ന ഭാഗം.

**മൊഡ്യൂൾ മൂന്ന് – ജ്യോതിഷം**

ജ്യോതിശ്ശാസ്ത്രത്തിലും ജ്യോതിഷത്തിലും നമ്മുടെ പൂർവ്വികർ ആർജ്ജിച്ചിരുന്ന വിജ്ഞാനത്തെയും പ്രസ്തുത വിഷയങ്ങൾ പരാമർശിക്കപ്പെടുന്ന ഗ്രന്ഥങ്ങളെയും പരിചയപ്പെടുന്നു.

പാഠ്യഭാഗം : ജ്യോതിശാസ്ത്ര പ്രവേശികയിലെ നക്ഷത്രങ്ങൾ, രാശികൾ, നക്ഷത്രപാദം, ഗ്രഹങ്ങൾ, ഗ്രഹപ്പകർച്ചകൾ എന്നീ ഭാഗങ്ങൾ.

**മൊഡ്യൂൾ നാല് – ശില്പകല**

ശില്പശാസ്ത്രവിഷയകമായി കേരളീയർ ആർജ്ജിച്ചിരുന്ന അറിവുകൾ കണ്ടെത്തുകയും പ്രധാന ശില്പശാസ്ത്രഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുകയുമാണ് ഇവിടെ.

പാഠ്യഭാഗം : ശില്പരത്നത്തിലെ ശിലാദാരുവിധി

**മൊഡ്യൂൾ അഞ്ച് – ഗണിതം**

ഗണിതശാസ്ത്ര മേഖലയിൽ കേരളത്തിലുണ്ടായിരുന്ന പരിജ്ഞാനം മനസ്സിലാക്കുകയും ഇവിടെ വിരചിതമായിട്ടുള്ള ഗണിതശാസ്ത്രകൃതികളെ പരിചയപ്പെടുത്തുകയും ചെയ്യുക.

പാഠ്യഭാഗം : ഗണിതയുക്തി, ഭാഷയിലെ സംഖ്യാസ്വരൂപങ്ങൾ, സങ്കലിത വ്യവകലിതങ്ങൾ എന്നീ ഭാഗങ്ങൾ.

**മൊഡ്യൂൾ ആറ് – ഇതര വൈജ്ഞാനിക മേഖലകൾ**

വൈജ്ഞാനിക മേഖലയിൽ ഉൾപ്പെടുന്നതും യൂണിറ്റ് രണ്ട് മുതൽ ആറ് വരെയുള്ള പ്രത്യേക പഠനപദ്ധതിയിൽ ഉൾപ്പെടുത്താത്തതുമായ വൈജ്ഞാനിക ശാഖകളെ പരിചയപ്പെടുത്തുകയാണ് ഇവിടെ കൃഷി, യുദ്ധം, നീതി, സാമുദ്രികം, രസതന്ത്രം തുടങ്ങിയവ ഉദാഹരണങ്ങളാണ്.

പാഠ്യഭാഗം : നായാട്ടു വിധി എന്ന ഗ്രന്ഥത്തിലെ കുന്നറിയിച്ചുവിളി, മൃഗങ്ങളുടെ പേരുകൾ എന്നീ ഭാഗങ്ങളും കൃഷി ഗീതയിലെ .................. എന്ന വരിയിൽ തുടങ്ങി........ എന്ന വരിയിൽ

അവസാനിക്കുന്ന ഭാഗവും കൂപശാസ്ത്രം എന്ന കൃതിയിലെ ആദ്യ പതിനാലു ശ്ലോകങ്ങളും വെടിക്കമ്പവിധിയിലെ ........... എന്ന ഭാഗവും.

**മൊഡ്യൂൾ ഏഴ് – വൈജ്ഞാനിക സാഹിത്യവും ഭാഷാഘടനയും**

പാട്ട് മാതൃകയിലും മണിപ്രവാളമാതൃകയിലും പദ്യരൂപത്തിലും ഗദ്യരൂപത്തിലും മിശ്രരൂപത്തിലുമെല്ലാം വൈജ്ഞാനിക കൃതികൾ രചിക്കപ്പെട്ടിട്ടുണ്ട്. അത്തരം വൈജ്ഞാനിക കൃതികളുടെ ഭാഷാസ്വരൂപം മനസ്സിലാക്കുകയാണ് മുഖ്യ ലക്ഷ്യം. ഭാഷാമിശ്രം എന്ന ഭാഷാ സാഹിത്യ പ്രസ്ഥാനത്തെയും തിരിച്ചറിയേണ്ടതുണ്ട്. വൈജ്ഞാനിക സാഹിത്യത്തെ എന്തുകൊണ്ട് സാഹിത്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നതും അന്വേഷിക്കണം.

പാഠ്യഭാഗം : വികൃതിവിജ്ഞാനസംക്ഷേപത്തിലെ ആദ്യത്തെ അഞ്ചു ശ്ലോകങ്ങൾ.

**സഹായഗ്രന്ഥങ്ങൾ**


1. ഗോപാലകൃഷ്ണൻ പി. കെ., കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - തിരുവനന്തപുരം 1974.
2. ചന്ദ്രിക ബി. റ്റി., ദ്രാവിഡശില്പകല, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 1974.
3. ജോർജ്ജ് കെ. എം., സാഹിത്യ വിജ്ഞാനവും, വിജ്ഞാനസാഹിത്യവും, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം 1983.
4. നമ്പൂതിരിപ്പാട് എം. സി., ശാസ്ത്രം ചരിത്രത്തിൽ, കേരളസാഹിത്യ അക്കാദമി, തൃശൂർ 1963.
5. നാരായണപിള്ള പി. കെ. (ഡോ), പ്രസാ. മലയാള ഗ്രന്ഥസൂചി, തിരുവിതാംകൂർ സർവ്വകലാശാല മലയാളം ഗ്രന്ഥാവലി. നമ്പർ - 77.
6. പരമേശ്വരയ്യർ എസ്. ഉള്ളൂർ, കേരളസാഹിത്യ ചരിത്രം (വാല്യം - ഒന്ന്) കേരള സർവ്വകലാശാല 1990.
7. ഫിലിപ്പ് ജോൺ (ഡോ.), ഭാഷാമിശ്രസാഹിത്യം സത്തയും ഘടനയും, മലയാള വിഭാഗം, ദേവമാതാ കോളേജ്, കുറവിലങ്ങാട് 2001.
8. മൂസത് സി. കെ. (ഡോ.), പ്രാചീനഗണിതം മലയാളത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -തിരുവനന്തപുരം 1980.
9. വിശ്വവിജ്ഞാനകോശം (വാല്യം - രണ്ട്) സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം 1970.
10. സെൻ എസ്. എൻ., സുബരായ്യപ്പ ബി. വി., ശാസ്ത്രം ഇൻഡ്യയിൽ ഒരു സംക്ഷിപ്ത ചരിത്രം ( വാല്യം - ഒന്ന്) വിഷ്ണു നാരായണൻ നമ്പൂതിരി, ജി. കെ. മേനോൻ, സി. ജി. രാമചന്ദ്രൻ നായർ, കെ. എം. പത്മജ, കെ. എസ്. റാണാപ്രതാപൻ (വിവർത്തകർ) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -തിരുവനന്തപുരം 1984.
11. സെൻ എസ്. എൻ., സുബരായ്യപ്പ ബി. വി., ശാസ്ത്രം ഇൻഡ്യയിൽ ഒരു സംക്ഷിപ്ത ചരിത്രം ( വാല്യം - രണ്ട്) റാണാപ്രതാപൻ, പി. റ്റി. ഭാസ്ക്കരപണിക്കർ, ബി. സുഗതകുമാരി (വിവർത്തകർ) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -തിരുവനന്തപുരം 1984.
12. Mackay EJH, Further Excavations at Mohanjadaro, Govt. of India, Delhi 1938.
13. Sreedhara Menon A., Cultural Heritage of Kerala - An Introduction, East - West Publications Pvt. Ltd., Cochin - 1978.
14. Vasudeva Agrawala, The Heritage of Indian Art, Publication Devision, Ministry of Information and Broadcasting, Govt. of India 1964.

## (Model II B.A. Malayalam Voc. Copyediting
## (ML 2 VE O3 U)
# MS Word & Pagemaker

**Module 1**

1. Introduction to word processing

Entering text with keyboard

Formatting text

Cutting ,copying & pasting

Selecting text

With mouse & keyboard

2. Editing text

Auto correct -spell check & grammar check, Undo & redo

Text formatting

Changing case, Drop caps, Coloring & highlighting text, Adding special characters, Bullets & numbering

3. Document formatting

Paragraph formatting

Alignment, Line spacing

Indentation

Tabs, Using the ruler

Margins & page orientation

Page break

Headers & footers

Page numbering

4. Advanced page layout in word

Borders, Boxes, Shading, Page fills & backgrounds **( 10 hours)**

**Module 2**

5. Tables & Columns

Creating tables

Inserting tables from the menu & tool bar, Drawing tables

Manipulating tables

Selecting table elements, Inserting & deleting columns & rows, Adjusting tableproperties, Mering & splitting cells

Formatting table content

mathcalculation

6. Drawing & graphic tools

Working with shapes, autoshapes & wordart, Adding graphics to your documents, Inserting a picture, Importing pictures from scanners & cameras, Charts & diagrams

7. Printing word documents

Using print preview

8. Mailmerge **( 10 hours)**

**Notes**

1. The course 'MS Word & Page Maker' is a practical course.
2. Practical Examinations to be conducted by the University
3. A record of a minimum 10 Page maker and MS Word work must be done by a student.
4. Ten hours for seminar/tests.
5. Student strength for practical batch shall be 8. Each practical batch must be supervised by a course teacher.

# Model II BA (Malayalam) Copy Editing
# Sem. III
# (ML 3 VE 06 U)

## കോപ്പി എഡിറ്റിംഗ്

**മൊഡ്യൂൾ 1**

എഡിറ്ററുടെ ചുമതലകൾ- എഡിറ്റിംഗ് - എഡിറ്റിംഗ് അടയാളങ്ങൾ, കൈയെഴുത്തുപ്രതി കണ്ടെത്തൽ, വിലയിരുത്തൽ, കൈയെഴുത്തുപ്രതിയിൽനിന്ന് പ്രസ് കോപ്പി തയ്യാറാക്കൽ.

**മൊഡ്യൂൾ2**

ഗ്രന്ഥത്തിന്റെ രൂപകല്പന, അനുബന്ധങ്ങൾ, ഗ്രന്ഥസൂചിക, അടിക്കുറിപ്പുകൾ, പുറം ചട്ടയിലെ കുറിപ്പ് ബ്ലർബ്, ടൈറ്റിൽ പേജുകൾ സംവിധാനം.

**മൊഡ്യൂൾ3**

പ്രൂഫ് വായന, ലറ്റർ പ്രസ്, കമ്പ്യൂട്ടർ രീതികൾ, പ്രൂഫ്, പ്രൂഫ് ചിഹ്നങ്ങൾ, സ്റ്റൈൽ ഷീറ്റ്, ശൈലിയുടെ സ്ഥിരത.

**പാഠ്യവസ്തു**

പുസ്തകനിർമ്മാണം(കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

2 മുതൽ 7 വരെ അധ്യായങ്ങൾ

കമ്പോസിംഗ് (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

അദ്ധ്യായം 15 പ്രൂഫ് തിരുത്തൽ

പുസ്തക പ്രസാധനം- സാമുവൽ ഇസ്രായേൽ

അദ്ധ്യായം 2,3,6 (പ്രസക്തഭാഗങ്ങൾ)

അനുബന്ധം 2 കൈയെഴുത്തു പ്രതി തയ്യാറാക്കുമ്പോൾ

അനുബന്ധം 3 മലയാള പദങ്ങൾക്ക് ഒരു ഏകീകൃത ലിപിവിന്യാസരീതി

അനുബന്ധം 4 പുസ്തകങ്ങൾക്ക് ഐ.എസ്.ബി.എൻ. നൽകുന്ന രീതി

**റഫറൻസ് ഗ്രന്ഥങ്ങൾ**

1 An introduction to Book Publishing - D Raghavan

2 Copy Editing- Judith Butcher

# Model II BA (Malayalam) Copy Editing

# (ML 3 VE 07 U)
# പ്രസാധനം ഇന്ത്യയിൽ

**മൊഡ്യൂൾ 1** ഇന്ത്യയിലെ പുസ്തക പ്രസാധനത്തിന്റെ ചരിത്രം -മിഷനറിമാരും പ്രസാധനവും വിവിധ ഭാഷകളിൽ.

**മൊഡ്യൂൾ 2** കൊളോണിയിൽ കാലഘട്ടത്തിലെ പുസ്തക പ്രസാധനത്തിന്റെ ലക്ഷ്യങ്ങൾ, പുസ്തകപ്രസാധനവും നവോത്ഥാന ചിന്തകളും, ഇംഗ്ലീഷ് വിദ്യാഭ്യാസം, ദേശീയത.

**മൊഡ്യൂൾ 3** പ്രസാധനം സ്വതന്ത്ര ഭാരതത്തിൽ, പൊതുമേഖലയിലും സ്വകാര്യ മേഖലയിലുള്ള സംരംഭങ്ങൾ, പ്രസാധനം നേരിടുന്ന പ്രശ്നങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങളുടെ വ്യാപനം, ഇന്ത്യയിലെ ഭാഷാവൈവിധ്യം, നിരക്ഷരത, പുസ്തകങ്ങളുടെ ഇറക്കുമതി, ഉല്പാദനരംഗത്തെ പ്രശ്നങ്ങൾ

**മൊഡ്യൂൾ 4** കേരളത്തിലെ പ്രസാധനം- സർക്കാർ, സഹകരണ, സ്വകാര്യസ്ഥാപനങ്ങൾ, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, സർവ്വകലാശാല പ്രസിദ്ധീകരണം വകുപ്പുകൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, അക്കാദമികൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, ശാസ്ത്രസാഹിത്യ പരിഷത്ത്, മറ്റ് പ്രസാധകർ.

**പാഠ്യവസ്തു**

1 ആദിമുദ്രണം- ഭാരതത്തിലും കേരളത്തിലും (12,13,14 അദ്ധ്യായങ്ങൾ) - കെ.എം. ഗോവി.

2 പുസ്തക പ്രസാധനം - സാമുവൽ ഇസ്രയേൽ (പുസ്തക പ്രസാധനം ഇന്ത്യയിൽ എന്ന അദ്ധ്യായം)

3 റവ. ജോർജ് മാത്തൻ കൃതികളും പഠനവും - ഡോ. സാമുവൽ ചന്ദനപ്പള്ളി (കല്ലിൽനിന്ന് കടലാസ്സിലേക്ക് എന്ന അദ്ധ്യായം)

4 കേരളത്തിലെ സാമൂഹിക നവോത്ഥാനവും സാഹിത്യവും ഡോ. എൻ. സാം. (അച്ചടിയും ഗ്രന്ഥപ്രചാരണവും, വിദ്യാഭ്യാസവും ആശയ സ്ഫോടനവും എന്നീ അധ്യായങ്ങൾ.

5 മലയാളസാഹിത്യവും ക്രിസ്ത്യാനികളും - ഡോ. പി.ജെ. തോമസ്

6 ചർച്ചയും പൂരണവും (ഡോ. സ്കറിയാ സക്കറിയ)

## (ML 2 VW O3 U)
# MS Word & Pagemaker

**Module 1**

1. Introduction to word processing

Entering text with keyboard

Formatting text

Cutting ,copying & pasting

Selecting text

With mouse & keyboard

2. Editing text

Auto correct -spell check & grammar check, Undo & redo

Text formatting

Changing case, Drop caps, Coloring & highlighting text, Adding special characters, Bullets & numbering

3. Document formatting

Paragraph formatting

Alignment, Line spacing

Indentation

Tabs, Using the ruler

Margins & page orientation

Page break

Headers & footers

Page numbering

4. Advanced page layout in word

Borders, Boxes, Shading, Page fills & backgrounds **( 10 hours)**

**Module 2**

5. Tables & Columns

Creating tables

Inserting tables from the menu & tool bar, Drawing tables

Manipulating tables

Selecting table elements, Inserting & deleting columns & rows, Adjusting tableproperties, Mering & splitting cells

Formatting table content

Table style using autoformatt, Changing borders & shadings, Rotating text, Quick mathcalculation

6. Drawing & graphic tools

Working with shapes, autoshapes & wordart, Adding graphics to your documents, Inserting a picture, Importing pictures from scanners & cameras, Charts & diagrams

7. Printing word documents

Using print preview

8. Mailmerge **( 10 hours)**

**Notes**

1. The course 'MS Word & Page Maker' is a practical course.
2. Practical Examinations to be conducted by the University
3. A record of a minimum 10 Page maker and MS Word work must be done by a student.
4. Ten hours for seminar/tests.
5. Student strength for practical batch shall be 8. Each practical batch must be supervised by a course teacher.

# Model II BA (Malayalam) Copy Writing

## Sem. III
## (ML 3 VW O6 U)

# പരസ്യഭാഷ

**മൊഡ്യൂൾ 1** എന്താണ് പരസ്യഭാഷ. പരസ്യങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയുടെ നാനാവശങ്ങളെപ്പറ്റിയുള്ള പഠനം. വ്യത്യസ്ത മാധ്യമങ്ങളും അവയുടെ ഭാഷയും. പത്രം, റേഡിയോ ടെലിവിഷൻ, ഫിലിം, ഇന്റർനെറ്റ് എന്നീ മാധ്യമങ്ങളിലെ പരസ്യനിർമ്മാണത്തിന്റെ സാങ്കേതികതകളും അവയുടെ മാധ്യമഭാഷയും.

**മൊഡ്യൂൾ 2** പരസ്യനിർമ്മാണത്തിന്റെ മുന്നൊരുക്കങ്ങൾ. ഗവേഷണം. വിക്രയാംശം. കോപ്പി ചിന്തനം, കോപ്പി ഘടന, കോപ്പി ശൈലി, കലാംശം, ലേ-ഔട്ട്. മറ്റ് എല്ലാ സാങ്കേതികതകളും.

**മൊഡ്യൂൾ 3** പരസ്യകലയിലെ സർഗ്ഗാത്മകത. പുതിയ ആശയങ്ങൾ എങ്ങനെ കണ്ടെത്താം. സർഗ്ഗാത്മകത എങ്ങനെ വളർത്തിയെടുക്കാം. ഐഡിയേഷൻ. ഐഡിയേറ്റർ. ബ്രെയിൻ സ്റ്റോമിങ് എന്ത്? അതിന്റെ പ്രാധാന്യം. അത് എങ്ങനെ പ്രാവർത്തികമാക്കാം.

**മൊഡ്യൂൾ 4** പരസ്യകോപ്പിയും വിവർത്തനവും. വിവർത്തനം- സിദ്ധാന്തവും പ്രയോഗവും. പരസ്യകോപ്പിയും പ്രാദേശികഭാഷകളും. പരസ്യകോപ്പി വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടവ.

**മൊഡ്യൂൾ 5** പരസ്യകോപ്പി ടെസ്റ്റിങ്ങും വിശകലനവും. കോപ്പി ടെസ്റ്റിങ് എന്നാൽ എന്ത്? അതിന്റെ പ്രാധാന്യം. അത് എങ്ങനെ നിർവഹിക്കാം. സിദ്ധാന്തങ്ങളും പ്രയോഗങ്ങളും

**Text Books**

1 Want to be Copywritr ? Sunanda Nag.

2 Copywriting in a Week - Robert Ashton (Hodder and stughton.)

3 A Technique for Producing Ideas - James Webb young (Tata Mc Graw Hill.)

4 Ideate with June a Valladares -June A Valladares (Response Book)

5 പരസ്യകല - സിദ്ധാന്തങ്ങളും പ്രയോഗവും - ജോസി ജോസഫ് (എസ്പരാന്റോ പബ്ലിക്കേഷൻസ്, കൊച്ചി)

6 ഭാഷയും മാധ്യമവും - വി.കെ. നാരായണൻ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

**Reference:**

1 On Advertising - David Ogilvy

2 How to Advertise- Kenneth, Roman, Jane Maas (Rupa &co.)

3 The Language of Advertising - Angela Goddard (Routledge)

4 Contemporary Advertising- Willam F. Aren, Courtland L. Bove.

5 പരസ്യം - ജെ.വി. വിളനിലം (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

# Model II BA (Malayalam) Copy Writing

# (ML 3 VW O7 U)

## ഭാരതീയ പത്രപ്രവർത്തനം

**മൊഡ്യൂൾ 1** – ഇന്ത്യയിലെ പത്രപ്രവർത്തനത്തിന്റെ ഉത്ഭവം, സവിശേഷതകൾ, മിഷണറിമാരുടെ സംഭാവനകൾ

**മൊഡ്യൂൾ 2** – പത്രപ്രവർത്തനരംഗത്തെ നവോത്ഥാനം, ഇംഗ്ലീഷ് ഭാഷ, പത്രപ്രവർത്തനം, ഇന്ത്യൻഭാഷാ പത്രങ്ങൾ

**മൊഡ്യൂൾ 3–** പത്രപ്രവർത്തനരംഗത്തെ ദേശീയ നേതാക്കൾ, ആനിബസന്റ്, രാജാ റാം മോഹൻറായി, മഹാത്മാഗാന്ധി, നെഹ്റു തുടങ്ങിയവരുടെ സംഭാവനകൾ

**മൊഡ്യൂൾ 4** – ഇന്ത്യൻ പത്രപ്രവർത്തനം സ്വാതന്ത്ര്യത്തിനുശേഷം, പ്രസ് കമ്മീഷൻ, ന്യൂസ് പേപ്പർ, രജിസ്റ്റാർ, പി.ടി.ഐ, പ്രസ് കൗൺസിൽ, പത്ര ഏജൻസികൾ, അടിയന്തരാവസ്ഥയും പത്രങ്ങളും

**മൊഡ്യൂൾ 5** – പത്രസ്വാതന്ത്ര്യവും പത്രനിയമവും, കോപ്പിറൈറ്റ്, വർക്കിങ് ജേർണലിസ്റ്റ് ആക്ട്, മാന നഷ്ടനിയമങ്ങൾ

### Text Book

ഭാരതീയ പത്രചരിത്രം– എം.വി. തോമസ്

മാധ്യമങ്ങളും ആനുകാലിക സാമൂഹ്യപ്രശ്നങ്ങളും -ജെ.വി. വിളനിലം (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

## C.B.C.S.S. BA/ BSc (Model I) Degree Examination
## Semester III
## Additional Langauge Malayalam
## അരങ്ങും പൊരുളും

നാടകം കഥകളി സിനിമ എന്നിവ രചിത പാഠങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തു പഠിക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം.

1. സംസ്കൃത നാടകങ്ങളുടെ ശക്തമായ സ്വാധീനത ഭാരതത്തിലെ എല്ലാ പ്രാദേശിക നാടകവേദികളിലും പ്രകടമാണ്. സ്വതന്ത്രനാടകങ്ങളുടെ ഉദയവികാസപരിണാമങ്ങൾക്ക് ഇത് പ്രേരണയായിട്ടുണ്ട്. സംസ്കൃത നാടകപരിഭാഷാപഠനം പ്രസ്തുത മേഖലയിലേക്കു വെളിച്ചം വീശാൻ ഉപകരിക്കും.

2. പ്രാദേശികമായ അതിരുകളെ ഭേദിച്ച് ലോകശ്രദ്ധപിടിച്ചുപറ്റിയ കേരളത്തിന്റെ തനതു നൃത്തനാടക രൂപമാണ് കഥകളി. സാഹിത്യം, രംഗകല എന്നീ നിലകളിൽ കേരളത്തിന്റെ ക്ലാസിക്കാണ് നളചരിതം എന്നു മനസ്സിലാക്കണം.

3. അത്രമേൽ ജനകീയമല്ല ഇന്നു മലയാള നാടകം. എങ്കിലും പുത്തൻ പരീക്ഷണങ്ങളും കരുത്തുള്ള നവരചനകളും പ്രസ്തുത മേഖലയിൽ ഉണ്ടാകുന്നു. ലോക നാടകവേദിയിലെ മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള ശ്രമവും കാണാം. ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ പറ്റിയ ഒരു നാടകം പഠിക്കണം.

4. ഏറ്റവും കൂടുതൽ ആസ്വാദകരുള്ള ജനകീയ കലയാണു സിനിമ. തിരക്കഥ സിനിമയുടെ ബ്ലൂപ്രിന്റാണ്. സാഹിത്യകൃതികളെ അടിസ്ഥാനമാക്കി എഴുതപ്പെട്ട തിരിക്കഥാഭാഗങ്ങൾ പഠിക്കണം. സിനിമയെപ്പറ്റിയുള്ള തെളിഞ്ഞ ധാരണകളുണ്ടാകുന്നതിന് ഇതു സഹായിച്ചേക്കും. പുസ്തകരൂപത്തിൽ വരുന്ന തിരക്കഥ മുഴുവനായി പഠിക്കുക എന്ന മുൻരീതിക്ക് പകരം ഏതാനും ഭാഗങ്ങൾ പഠിച്ചാൽ മതിയാവും.

മൊഡ്യൂൾ 1

ഭാരതീയ നാടക സങ്കല്പം - ദശരൂപകങ്ങൾ - പ്രധാന നാടകകൃത്തുക്കളും നാടകങ്ങളും - ഭാസൻ - കാളിദാസൻ ഭവഭൂതി - ശൂദ്രകൻ - ശ്രീഹർഷൻ - ശക്തി ഭദ്രൻ, സംസ്കൃത നാടകാവതരണമായ കൂടിയാട്ടം.

മലയാളപരിഭാഷകൾ, പാഠ്യവസ്തു : ഒരു ചെറിയ രൂപകമോ, വലിയ നാടകമെങ്കിൽ ഏതാനും അങ്കങ്ങളോ മാത്രം.

മൊഡ്യൂൾ 2

കഥകളി - സാമാന്യപരിചയം - അഭിനയത്തിന്റെ പ്രത്യേകതകൾ പ്രധാന ആട്ടക്കഥകളും രചയിതാക്കളും - ഉണ്ണായിവാര്യർ, ഇരയിമ്മൻ തമ്പി, കോട്ടയത്തു തമ്പുരാൻ, കിളിമാന്നൂർ വിദ്വാൻ, കോയിത്തമ്പുരാൻ.....

ആട്ടക്കഥാസ്വരൂപം - ശൈലീകൃതഭാഷ, മലയാളത്തിലെ ക്ലാസിക് കൃതിയെന്ന നിലയിൽ നളചരിതത്തിന്റെ പ്രാധാന്യം.

പാഠ്യവസ്തു : ഒരു ആട്ടക്കഥാഭാഗം (നളചരിതം)

മൊഡ്യൂൾ 3

അത്രമേൽ ജനകീയമല്ല ഇന്നു മലയാള നാടകം. എങ്കിലും പുതുപരീക്ഷണങ്ങളും

കരുത്തുള്ള രചനകളും ഏക്കാലത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ നൈരന്തര്യമാണ് മലയാള നാടകചരിത്രം രൂപപ്പെടുത്തുന്നത്. ലോകനാടക വേദിയിലെ ചലനങ്ങളും ഇവിടെ സ്വാംശീകരിക്കപ്പെടുന്നു. മലയാളത്തിലെ ഒരു പുതിയ നാടകമായിരിക്കണം ഇവിടെ പാഠ്യവസ്തു.

മൊഡ്യൂൾ 4

ഏറ്റവും വലിയ ജനകീയ കല-സിനിമ, കാഴ്ചയ്ക്കു പിന്നിൽ പറഞ്ഞാൽ തീരാത്തത്ര പ്രവർത്തനങ്ങളുണ്ട്. അവയിലൊന്നാണു തിരക്കഥ - സിനിമയുടെ ബ്ലൂപ്രിന്റ്. കഥയുടെ പരിവർത്തിത രൂപമായി വരാം. ചിലപ്പോൾ തിരക്കഥയായിത്തന്നെ ജനിച്ചുവെന്നുമാവാം. ഒരു സാഹിത്യകൃതി സിനിമയാകുമ്പോഴുള്ള പ്രക്രിയയിലെ തിരക്കഥാകാലം മാത്രമേ ഇവിടെ പരിഗണിക്കുന്നുള്ളു. സാഹിത്യവും, സിനിമയും തമ്മിലുള്ള ബന്ധപശ്ചാത്തലത്തിൽ ചില മാതൃകകൾ പഠിക്കുകയാണ് അഭികാമ്യം. ഏതെങ്കിലും ഒരു തിരക്കഥ, പുസ്തകരൂപത്തിലുള്ളത് വായിച്ചു പഠിക്കുക എന്ന പഴയ രീതി ഒഴിവാക്കുന്നു. എൽ.സി.ഡി. പ്രൊജക്ടറും കമ്പ്യൂട്ടറുകളും ഉള്ള കലാലയാന്തരീക്ഷത്തിൽ സിനിമ പ്രദർശിപ്പിച്ചുകൊണ്ടുതന്നെ ഈ മൊഡ്യൂളിലെ പാഠ്യവസ്തു അവതരിപ്പിക്കണം.

പാഠപുസ്തകങ്ങൾ / പാഠ്യവസ്തു

മൊഡ്യൂൾ 1 : സംസ്കൃതനാടക പരിഭാഷ

മലയാള ശാകുന്തളം (കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം പരിഭാഷ) - എ. ആർ. രാജരാജവർമ്മ - ആദ്യത്തെ നാല് അങ്കങ്ങൾ - സമയം 30 മണിക്കൂർ.

മൊഡ്യൂൾ 2

നളചരിതം രണ്ടാം ദിവസം

കല്യാവേശാവശോപി.... എന്നു തുടങ്ങുന്ന ശ്ലോകം മുതൽ അമൃതമിവകിരന്തിം..... എന്നതുവരെ.

ഇവ രണ്ടും ചേർന്ന് ഡോ. കെ. എൻ. വിശ്വനാഥൻ നായരുടെ ആമുഖ പഠനസഹിതം ഒരു പുസ്തകമായി എം. ജി. യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം. പുസ്തകത്തിന്റെ പേര് 'രംഗപ്രഭാവം' ആവശ്യമെങ്കിൽ എം.ജി.യു. സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കോ.പബ്ലീഷിംഗ് ആകാവുന്നതാണ്.

സമയം 15 മണിക്കൂർ

മൊഡ്യൂൾ 3

മലയാള നാടകം : ഒരു മധ്യവേനൽ പ്രണയരാവ് - പി. ബാലചന്ദ്രൻ (കറന്റ് ബുക്സ്,തൃശൂർ)

15 മണിക്കൂർ

മൊഡ്യൂൾ 4

വാക്കും ദൃശ്യവും : സെബാസ്റ്റ്യൻ കെ. ആന്റണി (സെബാസ്റ്റ്യൻ കാട്ടടി)

സിനിമയും സാഹിത്യവും, സിനിമയുടെ ഭാഷ, സാഹിത്യകൃതി സിനിമയാകുമ്പോൾ (പഥേർ പാഞ്ചാലി സാമാന്യാവലോകനം, ചെമ്മീൻ, വിധേയൻ - പഠനം)

എം. ജി. സർവകലാശാല സ്വന്തം നിലയിലോ, കോ-പബ്ലിഷിംഗ് രീതിയിലോ പ്രസിദ്ധീകരിക്കണം. സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ചേർന്നും പ്രസിദ്ധീകരണം ആവാം.

സമയം 12 മണിക്കൂർ.